**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3071** **13-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവല്ല ബൈപ്പാസിലെ അപകട സാദ്ധ്യതകളെ കുറിച്ചുള്ള പഠന റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ മാത്യു ടി. തോമസ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തിരുവല്ല ബൈപ്പാസിലെ അപകട സാദ്ധ്യതകളെ കുറിച്ച് പഠിക്കുന്നതിനായി കെ.എസ്.റ്റി.പി.യുടെ റോഡ് സുരക്ഷാവിഭാഗം നടത്തിയ പഠനത്തിലെ ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | തിരുവല്ല ബൈപ്പാസിൽ അപകടസാധ്യതയുള്ള ചില ലൊക്കേഷനുകളിൽ ട്രാഫിക് സിഗ്നൽ ലൈറ്റ്, റോഡ് മാർക്കിംഗ്, സ്പീഡ് ഹംമ്പ്, റോഡ് സൈൻ ബോർഡുകൾ തുടങ്ങിയവ സ്ഥാപിക്കണം എന്നതാണ് പ്രസ്തുത പഠനത്തിലെ ശിപാർശകൾ. |
| (ബി) | പ്രസ്തുത ശിപാർശകൾ പ്രകാരം ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത റോഡിന്റെ ഡി.എൽ.പി അവസാനിച്ച ഘട്ടത്തിലാണ് ഈ ശിപാർശകൾ ലഭ്യമായത്. ആയതിനാൽ ശിപാർശകൾ പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. റോഡ് കെ.എസ്.റ്റി.പിയിൽ നിന്ന് ഏറ്റെടുക്കാനായി പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്. നിരത്ത് വിഭാഗം റോഡ് ഏറ്റെടുക്കുന്ന മുറയ്ക്ക് ശിപാർശകൾ നടപ്പിലാക്കുവാനായി സുരക്ഷാ വിഭാഗത്തിന്റെ റിപ്പോർട്ട് കൈമാറി അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ